## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2577.** **09.03.2017 ന് മറുപടിയ്ക്ക്**

## ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും വിതരണവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്ത് വ്യപകമായി വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് തടയുന്നതിന് എക്സൈസ് വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ; | (ബി) | ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നത്. കൂടാതെ നിലവിൽ മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ്, എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡ് എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങളുടെ വില്പന നിരോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ചുമയ്ക്കെതിരെ ഉപയോഗിക്കുന്ന കഫ് സിറപ്പുകൾ, ജീവൻ രക്ഷാമരുന്നുകൾ ഉൾപ്പെടെയുള്ള ചില മരുന്നുകൾ എന്നിവ ലഹരി മരുന്നുകളായി വ്യാപകമായി, പ്രത്യേകിച്ച് വിദ്യാർത്ഥികൾ ഉപയോഗിക്കുന്നതായി അറിവ് ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്കൂളുകളുടെ പരിസരങ്ങളിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ ഇത്തരത്തിലുള്ള മരുന്നുകളുടെ വിപണനം ഡോക്ടറുടെ |

| | | | |
|---|---|---|---|
| | | | കരിപ്പടി ഇല്ലാതെയാണോ നടക്കുന്നതെന്നും, ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി, എൻ.എസ്.എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി-യുവജന-മഹിളാ- സന്നദ്ധ -സംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി 'ലഹരി മുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി വിദ്യാർത്ഥികളിലും യുവജനങ്ങളിലും പൊതുസമൂഹത്തിലും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു.<br>ഇതര സംസ്ഥാനങ്ങളിൽ നിന്നും കഞ്ചാവ് അടക്കമുള്ള ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തിരമുള്ള ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിന് പോലീസ്, റെയിൽവെ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നു.<br>ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ- "വിമുക്തി" രൂപീകരിച്ചിട്ടുണ്ട്.<br>നവീന സാമൂഹ്യമാധ്യമങ്ങളിലൂടെ എക്സൈസ് കമ്മീഷണറുമായി പൊതുജനങ്ങൾക്ക് ബന്ധപ്പെടുന്നതിന് **"9447178000"** എന്ന ഔദ്യോഗിക മോബൈൽ ഫോൺ നമ്പരും "ലഹരിമുക്തി" പദ്ധതി പ്രകാരം ഐഡിയ മൊബൈൽ കമ്പനി |

| | | | |
|---|---|---|---|
| | | | **"9061178000"** എന്ന നമ്പറിൽ ഒരു സൗജന്യ വാട്സ് ആപ്പ് ലൈനും ലഭ്യമാക്കിയിട്ടുണ്ട്.<br>ലഹരിവിരുദ്ധ ബോധവത്ക്കരണ സെമിനാറുകൾ, ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ, ബോധവത്ക്കരണ ക്ളാസുകൾ സ്കൂൾ/ കോളേജ് പി.റ്റി.എ.കളുമായി സഹകരിച്ചുകൊണ്ട് ബോധവത്ക്കരണ മീറ്റിംഗുകൾ എന്നിവയും സംഘടിപ്പിച്ചു വരുന്നുണ്ട്.<br>വിദ്യാർത്ഥികളെയും യുവജനങ്ങളെയും ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികൾ ആക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനായും അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ പ്രവർത്തനം നടത്തുന്ന മികച്ച സംഘടന, സംഘടന പ്രവർത്തകൻ, മികച്ച പ്രവർത്തനം നടത്തുന്ന സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ളബ്ബുകൾ, ക്ളബ്ബ് പ്രവർത്തകർ, ക്ളബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ മാഗസിനുകൾ, മാഗസിൻ സൃഷ്ടികൾ എന്നിവയ്ക്ക് അവാർഡും പ്രശംസാപത്രവും നൽകി വരുന്നുണ്ട്. |
| (സി) | ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും വിതരണവും തടയുവാൻ നിയമപരമായി എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും വിതരണവും തടയുവാൻ പ്രത്യേക സ്ക്വാഡിനെ ഏൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്ത് ഹോസ്റ്റലുകളിൽ ലഹരി മരുന്നുകളുടെ ഉപയോഗം വർദ്ധിച്ചു വരുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതിനെ തടയുവാൻ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) | ഹോസ്റ്റലുകളിൽ ലഹരി മരുന്നുകൾ ഉപയോഗിക്കുന്നുണ്ടോയെന്ന് എക്സൈസ് വകുപ്പ് പരിശോധിക്കാറുണ്ട്. ഹോസ്റ്റലുകളിൽ ലഹരി മരുന്നുകൾ ഉപയോഗിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഹോസ്റ്റലിന്റെ ചുമതലയുള്ളവരുടെ സാന്നിദ്ധ്യത്തിൽ ആകസ്മിക പരിശോധന നടത്തുന്നതും സംശയമുള്ള ഹോസ്റ്റലുകൾ കൂടുതലായി നിരീക്ഷിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുന്നതിനും ഹോസ്റ്റലിൽ താമസിക്കുന്നവരിൽ സംശയമുളവാക്കുന്നവരുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുന്നതിന് എല്ലാ ഡെപ്യൂട്ടി കമ്മീഷണർമാർക്കും, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ ഹോസ്റ്റലിന്റെ ചുമതലക്കാർക്കും ഇത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**